"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - ദേശീയ പാത നിർമ്മാണത്തിനായുള്ള ഖനന പ്രവർത്തനങ്ങൾക്ക് അനുവദിച്ച ക്വാറിയിംഗ് പെർമിറ്റിനായി ഒടുക്കിയ റോയൽറ്റി തുക, അപേക്ഷകന്റെയോ കോൺട്രാക്ടറുടെയോ സ്ഥല ഉടമസ്ഥന്റെയോ കാരണങ്ങൾ കൊണ്ടല്ലാതെ ഖനന പ്രവർത്തനങ്ങൾ തുടരാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ, ഭാവിയിലേയ്ക്ക് വരുന്ന പ്രോജക്ടുകൾക്കായുള്ള അപേക്ഷകളിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്തു കൊടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

G.O.(Ms)No.26/2025/ID തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1. ശിവാലയ കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് 18.09.2024 തീയതിയിൽ കൊല്ലം ജിയോളജിസ്റ്റ് മുമ്പാകെ സമർപ്പിച്ച അപേക്ഷ
2. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 08.11.2024 തീയതിയിലെ ഡി.എം.ജി/2494/2024-എം6 നമ്പർ കത്ത്
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 17.02.2025 തീയതിയിലെ ഡി.എം.ജി/630/2022-എം4 നമ്പർ കത്ത്
4. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 23.02.2024 തീയതിയിലെ ഡി.എം.ജി/2494/2024-എം6 നമ്പർ കത്ത്

**ഉത്തരവ്**

ദേശീയപാത നിർമ്മാണത്തിന് മണ്ണ് ഖനനം ചെയ്യുന്നതിന് അനുവദിച്ച ക്വാറിയിംഗ് പെർമിറ്റിനായി ഒടുക്കിയ റോയൽറ്റി തുക അഡ്ജസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് മെ.ശിവാലയ കൺസ്ട്രക്ഷൻസ് കമ്പനി പ്രൈ.ലിമിറ്റഡ് കൊല്ലം ജിയോളജിസ്റ്റിനു മുമ്പാകെ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരിശോധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (2), (3), (4) എന്നിവ പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

2. കൊട്ടാരക്കര താലൂക്കിൽ പൂയപ്പള്ളി വില്ലേജിൽ സർവേ നമ്പർ 302/1, 302/10, 302/11 ൽ പ്പെട്ട സ്ഥലത്തുനിന്നും സാധാരണ മണ്ണ് ഖനനം ചെയ്യുന്നതിന് മെ. ശിവാലയ കൺസ്ട്രക്ഷൻ കമ്പനി സമർപ്പിച്ച അപേക്ഷയിൽ സ്ഥലപരിശോധന നടത്തി ക്വാറിയിംഗ് പെർമിറ്റിനായി റോയൽറ്റി ഇനത്തിൽ 40,93,920/- രൂപയും, ടാക്സ് ഇനത്തിൽ 81,878/- രൂപയും, ഡി.എം.എഫ് ഇനത്തിൽ 4,09,392 /- രൂപയും, സർഫസ് റെന്റ് ഇനത്തിൽ 456/- രൂപയും ചേർത്ത് ആകെ 45,85,646/- രൂപ ഒടുക്കിയിട്ടുള്ളതാണെന്നും, ഖനനത്തിനായി തിരഞ്ഞെടുത്ത സ്ഥലത്ത് മണ്ണിനടിയിൽ ഉരുളൻ പാറകളുടെ നിക്ഷേപം ധാരാളം ഉള്ളതിനാൽ റോയൽറ്റി ഒടുക്കി നീക്കം ചെയ്യാനുദ്ദേശിച്ച അളവിലുള്ള 1,02,348 മെ. ടൺ മണ്ണ് നിലവിൽ ടി സ്ഥലത്തുനിന്നും

ലഭിക്കുകയില്ലായെന്ന് കമ്പനി സർവേയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ മേൽ അപേക്ഷയിൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്നും റോയൽറ്റി ഇനത്തിൽ ഒടുക്കിയ തുക തിരികെ ലഭ്യമാക്കുകയോ അല്ലെങ്കിൽ ഭാവിയിലേയ്ക്ക് വരുന്ന പ്രോജക്ടുകളുടെ റോയൽറ്റി ഇനത്തിൽ അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ട് കമ്പനി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും റോയൽറ്റിയായി ഒടുക്കിയ തുക തിരികെ നൽകുന്നതിനോ മറ്റൊരു പെർമിറ്റിലേക്ക് അഡ്ജസ്റ്റ് ചെയ്യുന്നതിനോ 2015 ലെ കേരള മൈനർ മിനറൽ ചട്ടങ്ങളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിയമപരമായ സാധ്യത ഇല്ലാത്തതിനാൽ അപേക്ഷക കമ്പനിയുടെ ആവശ്യം അംഗീകരിക്കുവാൻ സാധിച്ചില്ലെന്നും, എന്നാൽ റോയൽറ്റി അടച്ചതിനു ശേഷമോ ഖനനാനുമതി ലഭിച്ചതിനു ശേഷമോ നിർമ്മാണ പ്രവർത്തനം നടത്തുന്നവരുടെ വിഷയം കൊണ്ടല്ലാതെ മറ്റ് കാരണങ്ങൾ (ജനകീയ പ്രക്ഷോഭവും മറ്റ് വകുപ്പുകളുടെ അനുമതി ലഭിക്കാതിരിക്കുക, ആവശ്യത്തിന് ധാതു ലഭിക്കാതിരിക്കുക, കരിങ്കല്ല് പോലെ മറ്റൊരു ധാതു കൂടുതലായി കാണുക മുതലായവ) കൊണ്ട് ഖനന പ്രവർത്തനങ്ങൾ തുടരാതിരിക്കുകയും വലിയ സാമ്പത്തിക നഷ്ടം സംഭവിക്കുന്നതായും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും, ടി സാഹചര്യത്തിൽ ദേശീയ പാത വികസനത്തിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും, വേഗത്തിൽ പൂർത്തിയാക്കുന്നതിനും പെർമിറ്റിനായി ഒടുക്കിയ റോയൽറ്റിയും ഇതര തുകകളും അതേ ജില്ലയിൽ തന്നെയുള്ള അപേക്ഷകന്റെ മറ്റു അപേക്ഷകളിൽ അഡ്ജസ്റ്റ് ചെയ്തു നൽകുന്നത് പരിഗണിക്കാവുന്നതാണെന്നും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ പാത വികസനത്തിന്റെ പ്രവർത്തനങ്ങൾക്ക് ധാതു ഖനനം ചെയ്ത് നീക്കം ചെയ്യുന്നതിനായി റോയൽറ്റി അടച്ചതിനു ശേഷമോ ഖനനാനുമതി ലഭിച്ചതിനു ശേഷമോ നിർമ്മാണ പ്രവർത്തനം നടത്തുന്നവരുടെ വിഷയം കൊണ്ടല്ലാതെ മറ്റ് കാരണങ്ങൾ (ജനകീയ പ്രക്ഷോഭം, മറ്റ് വകുപ്പുകളുടെ അനുമതി ലഭിക്കാതിരിക്കുക, ആവശ്യത്തിന് ധാതു ലഭിക്കാതിരിക്കുക, കരിങ്കല്ല് പോലെ മറ്റൊരു ധാതു കൂടുതലായി കാണുക മുതലായവ) കൊണ്ട് ഖനന പ്രവർത്തനങ്ങൾ തുടരാൻ സാധിക്കാതെ വരികയും വലിയ സാമ്പത്തിക നഷ്ടം സംഭവിക്കുകയും ചെയ്യുന്ന സാഹചര്യം ധാരാളം കണ്ടുവരുന്നത് കണക്കിലെടുത്ത്, ദേശീയപാതാ വികസനത്തിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വേണ്ടി അപേക്ഷകന്റെയോ, കോൺട്രാക്ടറുടെയോ, സ്ഥലം ഉടമസ്ഥന്റെയോ കാരണങ്ങൾ കൊണ്ടല്ലാതെയും ജനകീയ പ്രക്ഷോഭം, മറ്റു വകുപ്പുകളുടെ അനുമതി ലഭിക്കാതിരിക്കുക, ധാതു ലഭ്യത ഇല്ലാതിരിക്കുക മുതലായ കാരണങ്ങൾ കൊണ്ട് ഖനന പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കാതെ വരുന്നതായ സാഹചര്യങ്ങളിൽ പെർമിറ്റിനായി ഒടുക്കിയ റോയൽറ്റിയും, ഇതര തുകയും, അതേ ജില്ലയിൽ തന്നെയുള്ള അപേക്ഷകന്റെ ദേശീയപാത വികസനത്തിനായി ധാതു ഖനനം ചെയ്ത്

നീക്കുന്നതിനുള്ള മറ്റ് അപേക്ഷകളിലേയ്ക്ക് ഒടുക്കുന്ന തുകയിൽ അഡ്ജസ്റ്റ് ചെയ്ത് നൽകുന്നതിന്, ആയത് ദേശീയപാത നിർമ്മാണത്തിന് ആവശ്യമായ മണ്ണ് (ordinary earth) ഖനനം ചെയ്തെടുക്കുന്നതിനുള്ള അപേക്ഷകൾക്ക് മാത്രമായി പരിമിതപ്പെടുത്തികൊണ്ട് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M MOHAMMED HANISH
PRINCIPAL SECRETARY

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും
റീജിയണൽ ഓഫീസർ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ, റീജിയണൽ ഓഫീസ്, പേട്ട, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 27-03-2025 11:40:49
സെക്ഷൻ ഓഫീസർ